പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.242 — 09.07.2015 ൽ മറുപടിക്ക്

## നെൽവയൽ ഡാറ്റാ ബാങ്കിലെ പോരായ്മകൾ

ചോദ്യം

ശ്രീ.എം.ഉമ്മർ :

ശ്രീ.കെ.എൻ.എ.ഖാദർ :

ശ്രീ.എൻ.ഷംസുദ്ദീൻ :

ശ്രീ. പി.കെ.ബഷീർ :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽവയൽ ഡാറ്റാ ബാങ്ക് തയാറാക്കുന്നതിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഡാറ്റ ശേഖരിക്കുന്നതും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതും സംബ-ന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലും ചട്ടങ്ങളിലും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയിട്ടുണ്ട്. ടി നിയമത്തിലെ വകുപ്പ് 5 പ്രകാരം രൂപീകരിക്കുന്ന പ്രാദേശികതല നിരീക്ഷണ സമിതിയ്ക്കാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കുവാ-നുള്ള അധികാരം. ടി നിയമത്തിലെ ചട്ടം 4(2) ൽ ഡാറ്റാ ബാങ്ക് തയ്യാറാക്കേണ്ട രീതി വിശദീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവർ റവന്യൂ റിക്കോർഡുകളുടെയും സ്ഥലപരിശോധനയുടെയും അടിസ്ഥാനത്തിൽ കരട് ഡാറ്റാ ബാങ്ക് തയ്യാറാക്കേണ്ടതും അപ്രകാരം തയ്യാറാക്കുന്ന കരട് പ്രാദേശികതല |

| | | | |
|---|---|---|---|
| | | | നിരീക്ഷണ സമിതി പരിശോധിച്ച് യുക്തമായ തിരുത്തലുകൾ വരുത്തി ഉപഗ്രഹചിത്രങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഭൂപടത്തിന്റെ സഹായ ത്തോടെ അന്തിമ രൂപം നൽകി സമിതി അംഗീകരിക്കേണ്ടതുമാണ്. |
| (സി) | അടിസ്ഥാന നികുതി രേഖകളിൽ ഭൂമാഫിയകൾക്കനുകൂലമായി മാറ്റങ്ങൾ വരുത്താനുള്ള നീക്കത്തിനെതിരെ നടപടി സ്വീകരിക്കുമോ? | (സി) | ഭൂമാഫിയകൾക്കനുകൂലമായി അടിസ്ഥാന നികുതി രേഖകളിൽ മാറ്റങ്ങൾ വരുത്താനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപ്രകാരമുള്ള നിയമവിരുദ്ധ നടപടികൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ